പട്ടികജാതി-പട്ടികവർഗ്ഗ കോളനി വികസന പദ്ധതികൾ

10 (173) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിനും അവിടെ ശുദ്ധജല വിതരണം നടത്തുന്നതിനും സർക്കാർ എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ ?

ഉത്തരം

(എ) & (ബി) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ സംയോജിത തീവ്രസങ്കേത വികസന പദ്ധതി (ഐ.എച്ച്.ഡി.പി) നടപ്പാക്കി വരുന്നു. ഇതിനും പുറമേ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, റോഡ്, വൈദ്യുതി ഇവ എത്തിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കി വരുന്നു. ഓരോ സങ്കേതത്തിന്റെയും വികസനത്തിന് കർമ്മ പരിപാടി തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപ്പാക്കുകയായിരുന്നു പതിവ്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് ആവശ്യകതയനുസരിച്ച് ഇത് നടപ്പിലാക്കി വരുന്നത്. മറ്റു വികസന പ്രവർത്തനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പാക്കി വരുന്നു.

ഐ.എച്ച്.ഡി.പി. കോളനികളുടെ പണി

11 (174) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-നു മുമ്പ് അംഗീകരിച്ച് ആരംഭിച്ച ഐ.എച്ച്.ഡി.പി. കോളനികളുടെ പണി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത കോളനികളുടെ പണി പൂർത്തിയാക്കാനുള്ള സാമ്പത്തിക സഹായം സർക്കാർ നേരിട്ട് നൽകുമോ;

(സി) കോഴിക്കോട് ജില്ലയിൽ പണി പൂർത്തിയാക്കാത്ത ഏതെല്ലാം ഐ.എച്ച്.ഡി.പി. കോളനികളുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1997-നു മുമ്പ് തെരഞ്ഞെടുത്ത ഐ.എച്ച്.ഡി.പി. കോളനികളിൽ ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ പൂർത്തിയാക്കി വരുന്നു. വരും വർഷങ്ങളിൽ കൂടുതൽ തുക ഈ ആവശ്യത്തിനു നീക്കിവച്ച് ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ജില്ലാ കളക്ടർ മുഖേനയാണ് തുക നൽകുന്നത്. ഈ രീതി മാറ്റാൻ ഉദ്ദേശമില്ല.

(സി) കോഴിക്കോട് ജില്ലയിൽ പണി പൂർത്തിയാകാത്ത പട്ടികവർഗ്ഗ കോളനികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. പൈക്കാടൻ മല കോളനി
2. മൈസൂർ മല കോളനി
3. നരേന്ദ്രദേവ് കോളനി
4. കുറുമാരക്കണ്ടി കോളനി
5. പന്നിക്കേരി കോളനി

പട്ടികജാതി കോളനികളുടെ പേര് വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് വിനിയോഗിച്ച തുക

12 (175) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന കോളനികളുടെ വികസനത്തിന് വേണ്ടിയും, വിദ്യാഭ്യാസം, പാർപ്പിടം നിർമ്മിക്കൽ എന്നിവയ്ക്കു വേണ്ടിയും 1996-97, 1997-98,1998-99,1999-2000 എന്നീ വർഷങ്ങളിൽ എത്ര കോടി രൂപ വീതം ചെലവഴിച്ചു എന്ന് കാണിക്കുന്ന വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

പട്ടികജാതി വികസനം (തുക ലക്ഷത്തിൽ)

	കോളനി വികസനം	വിദ്യാഭ്യാസം	പാർപ്പിടം
1996-97	273.00	3364.44	400.00
1997-98	1025.353	963.64	2075.00
1998-99	731.07	4429.43	2825.00
1999-2000	583.00	3556.47	2074.30

(31-1-2000 വരെ)

LIBRARY ARCHIVES Kerala Legislative Assembly